# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4530 — 22.07.2015-ൽ മറുപടിയ്ക്ക്

## വനദീപ്തി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, കെ.മുരളീധരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വനപ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ബി) ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി തദ്ദേശീയ വൃക്ഷ തൈകൾ ഉപയോഗിച്ച് സ്വാഭാവികവനം പുനർ ജ്ജനിപ്പിക്കുക, ടി പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ് - ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ ; | സി) കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽ പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വന പ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി സ്ഥലങ്ങളിലെ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം വനദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഞാവൽ, |

മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫല വൃക്ഷങ്ങളും, കണിക്കൊന്ന, മരുത്, മണി മരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും, തടിയ്ക്കനുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും, ഔഷധസസ്യങ്ങളായ കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയവയും, ഇതുകൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. പത്തുപറ വനദീപ്തി പ്രദേശത്ത് ട്രിപ്പ് ഇറിഗേഷനും ഏക്കതപ്പെടുത്തിയിട്ടുണ്ട്.

ഡി പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഡി ജില്ലാതലത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ വിഭാഗത്തിന്റെ കൈവശമുള്ള റിസർവ്വ് വനപ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിലേയ്ക്ക് ഭരണതലത്തിൽ പുതിയ സംവിധാനമൊന്നും ഏക്കതപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ